# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1342 30.01.2018 -ൽ മറുപടിയ്ക്ക്**

## പൊതു വിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ സ്മാർട്ടാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . രാജു എബ്രഹാം | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ സ്മാർട്ടാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;എത്ര കോടി രൂപ യാണ് പദ്ധതിക്കായി ചെലവഴിക്കുന്നത് ; ഇതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കിയിട്ടുള്ളത് ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 493.5 കോടി (നാന്നൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി അൻപത് ലക്ഷം) രൂപയുടെ പദ്ധതിക്കുള്ള ഫണ്ട് കിഫ്ബിയിൽ നിന്നാണ് ലഭ്യമാക്കുന്നത്. |
| (സി) ഈ പദ്ധതി മുഖേന പൊതുവിദ്യാലയങ്ങളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് ; 2018-19 അക്കാദമിക് വർഷം എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) പൊതുവിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികളിൽ ലാപ് ടോപ് കമ്പ്യൂട്ടർ, സീലിംങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിൻറടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് സൗകര്യം, നെറ്റ് വർക്കിംഗ്, സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, മൾട്ടിഫങ്ഷൻ പ്രിൻറർ, ടി.വി, ഫുൾ H.D വെബ്ക്യാം , സ്റ്റിൽ ക്യാമറ വിത്ത് വീഡിയോ റെക്കോർഡിംഗ് സംവിധാനം തുടങ്ങിയവ ലഭ്യമാക്കുന്നുണ്ട്. 2018-19 അദ്ധ്യയന വർഷം 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ